# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി)
# സംസ്ഥാന പ്രവർത്തക സമിതി യോഗം SWC 03/2020
# 17.05.2020 സൂം മീറ്റിങ്ങ്

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിങ്
3. കോവിഡ് ധനസഹായ ഫണ്ട് സമാഹരണം
4. സർവീസ് മേഖലയിലെ പ്രശ്നങ്ങൾ
5. ബദൽ വിദ്യാഭ്യാസ രീതി
6. മറ്റ് കാര്യങ്ങൽ

രാവിലെ 11 മണിക്ക് ഓൺലൈൻ വഴി ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എം. സത്യൻ അധ്യക്ഷത വഹിച്ചു.

**ഹാജർ**

ഡോ. എം. സത്യൻ, ഡോ. എൻ. മനോജ്, ഡോ. ഗീത നമ്പിയാർ എം. കെ., ഡോ. കെ. കെ. ദാമോദരൻ, ഡോ. രാജേഷ്കുമാർ പി., ഡോ. ഇമ്പിച്ചിക്കോയ കൗട്യമാക്കനകം, ഡോാം വിനു ഭാസ്ക്കർ, ശ്രീ. സന്തോഷ് ടി. വർഗീസ്, ഡോ. മുഹമ്മദ് റഫീഖ്, ഡോ. ചന്ദ്രമോഹൻ കെ. ടി., ഡോ. പ്രിൻസ് പി. ആർ., ഡോ. സുനിൽ വി. ടി., ശ്രീമതി സൗമ്യ എസ്, ഡോ. ഷജില ബീവി, ഡോ. സുനിത എ. പി., ഡോ. ആലിക്കുട്ടി സി., ഡോ. ഷാനവാസ് പി. എച്, ശ്രീ. ശശി സി. ടി., ഡോ. ബേബി ഷീബ, ഡോ. ബാലകൃഷ്ണൻ, ശ്രീ. സന്തോഷ് കുമാർ എസ്., ശ്രീ. രഞ്ജിത് മോഹൻ, ഡോ. അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. എം. എസ്. മുരളി, ഡോ. ജോജോമോൻ എൻ., ഡോ. ബാലസുബ്രഹ്മണ്യൻ, ഡോ. സഞ്ചയ്കുമാർ എസ്. എച്., ശ്രീ. സോബിൻ വർഗീസ്, ഡോ. പ്രമോദ് സി., ശ്രീ. സജിത്ത് കുമാർ പി., ഡോ. ആനന്ദ് ദിലീപ് രാജ്, ഡോ. വിഷ്ണു വി.എസ്., ഡോ. റോസ്നികസ്, ഡോ. ഗ്രേഷ്യസ് ജെ., ഡോ. എം. എ. അസ്ഗർ, ഡോ. സെനോ ജോസ്, ഡോ. സുമിജോയി ഒലിയപ്പുറം, ഡോ. ബി. ഉണ്ണികൃഷ്ണൻ നായർ, ശ്രീ. ജയരാജ് ജെ., ഡോ. റിജുലാൽ ജി., ഡോ. രാജു. എം. സി.

**അനുശോചനം**

കോവിഡ് മഹാമാരിയിൽ അകപ്പെട്ടു നമ്മെ വിട്ടു പോയ അനേകായിരം മനുഷ്യർ, ആരോഗ്യ പ്രവർത്തകർ, ഇക്കാലയളവിൽ നമ്മെ വിട്ടു പോയ കലാ, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിലെ പ്രമുഖ വ്യക്തിത്വങ്ങൾ സി.പി.എം. മുൻ പോളിറ് ബ്യൂറോ അംഗവും കേന്ദ്ര കമ്മിറ്റി ക്ഷണിതാവുമായ സ. വരദരാജൻ തുടങ്ങിയവരുടെ നിര്യാണത്തിൽ കമ്മറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

03.05.2020 നു ചേർന്ന സൂം മീറ്റിംഗിൽ പ്രധാനമായും ഉണ്ടായിരുന്ന വിഷയങ്ങൾ; സീനിയോറിറ്റി മറികടന്നു കൊണ്ടുള്ള പ്രിൻസിപ്പൽ നിയമനം നടത്താനുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നീക്കം, പൊതു സ്ഥലമാറ്റത്തിൽ നാളിതുവരെ നിലനിന്നിരുന്ന രണ്ട് തവണ ഹോം സ്റ്റേഷൻ മാറ്റാം എന്നുള്ള മാനദണ്ഡം ഇല്ലാതാക്കി കൊണ്ടുള്ള ഡയറക്ടറുടെ നടപടി, ബദൽ വിദ്യാഭ്യാസ രീതിയെ പറ്റി പഠിക്കാൻ എ.കെ.ജി.സി.ടി. അക്കാദമിക്ക് കമ്മിറ്റി കൺവീനർ അധ്യക്ഷനും നാലു മേഖല സെക്രട്ടറിമാർ അംഗങ്ങളും ആയ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു, കോവിഡെന്ന മഹാമാരി മൂലം സംസ്ഥാനത്തെ ദുരിതം അനുഭവിക്കുന്ന ജനതയെ സഹായിക്കുന്നതിനുള്ള ആയിരം രൂപയിൽ കുറയാതെയുള്ള കോവിഡ് ഫണ്ട് ശേഖരിച്ചു CMDRF ലേക്ക് കൊടുക്കാൻ തീരുമാനിച്ചിരുന്നു എന്നിവയാണ്.

ഫണ്ട് കളക്ഷൻ സംബന്ധിച്ചു മെയ് പത്താം തീയതി വരെ ആയിരുന്നു അതിന്റെ തീയതി. എന്നാൽ പിന്നീട് അത് പതിനഞ്ചാം തീയതി വരെ ദീർഘിപിക്കുകയുണ്ടയി. ഇതിനു വളരെ ആവേശകരമായ പ്രതികരണമായിരുന്നു അംഗങ്ങളിൽ നിന്നും ഉണ്ടായതു. അഞ്ചു ജില്ലകൾ - തിരുവനന്തപുരം, കോട്ടയം, ഇടുക്കി, കണ്ണൂർ, കാസറകോട് നൂറു ശതമാനവും അതിലധികവും തുക സമാഹരിക്കുകയുണ്ടായി. മറ്റു ഏഴു ജില്ലകളും മികച്ച പ്രവർത്തനമാണ് കാഴ്ചവച്ചതു. ഇനി നാമമാത്രമായ അംഗങ്ങളിൽ നിന്ന് മാത്രമേ ഇവിടെ നിന്നും തുക കിട്ടാനുള്ളു. ഇതിനു വേണ്ടി സഹകരിച്ച അതാതു ജില്ലാ സെക്രട്ടറിമാർ, ആ ജില്ലയിലെ ജില്ലാ കമ്മിറ്റി അംഗങ്ങൾ, ആ മേഖലയിലെ സംസ്ഥാന പ്രവർത്തക സമിതി അംഗങ്ങൾ തുടങ്ങി മുഴുവൻ എ.കെ.ജി.സി.ടി. അംഗങ്ങളെയും സംസ്ഥാന കമ്മിറ്റിക്കു വേണ്ടി അഭിവാദ്യം ചെയ്യുന്നു. ഇത് സംഘടനയിൽ അംഗങ്ങൾ അർപ്പിക്കുന്ന വിശ്വാസത്തിന്റെ തെളിവാണ്. എങ്കിൽകൂടിയും നമ്മുക്ക് ഫണ്ട് പൂർണമായി സമാഹരിക്കുന്നതിനു വേണ്ടി ഈ മാസം 22 വരെ ദീർഘിപ്പിക്കേണ്ടതുണ്ട്. മാത്രമല്ല നമ്മുടെ സമ്മേളന ഫണ്ടിൽ ഇനി പിരിഞ്ഞു കിട്ടാനുള്ള ബാക്കി തുകയും സമാഹരിക്കേണ്ടതുണ്ട്.

മെയ് മൂന്നിലെ തീരുമാനപ്രകാരം പ്രിൻസിപ്പൽ നിയമനം നിലവിലുള്ള മാനദണ്ഡം അനുസരിച്ചു മാത്രമേ നടത്താവൂ, സീനിയോറിറ്റി മറികടക്കാൻ പാടില്ല, എന്നീ നിർദേശങ്ങൾ ഉൾകൊള്ളിച്ചു കൊണ്ട് പിറ്റേ ദിവസം തന്നെ സംഘടന മുഖ്യമന്ത്രി, ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രി, ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർക്ക് കത്ത് നൽകുകയും, പ്രിൻസിപ്പൽ നിയമന നടപടി കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ മാറ്റി വയ്ക്കണം എന്ന് ആവശ്യപെടുകയുമുണ്ടായി. പ്രിൻസിപ്പൽ സെക്രട്ടറി ഇത് മാറ്റി വയ്ക്കാമെന്നും, സംഘടനയുമായി ചർച്ച ചെയ്തു അനിയോജ്യമായ തീരുമാനത്തിൽ എത്താമെന്നും സംഘടനക്കു ഉറപ്പു നൽകിയിരുന്നു. പക്ഷെ അതുമായി ബന്ധപെട്ടു അവർ ഇറക്കിയ സർക്കുലർ സംഘടനക്കെതിരെ തെറ്റിദ്ധാരണ ഉണ്ടാക്കുന്നതാണു. നമ്മൾ പറഞ്ഞത് ഇപ്പോൾ ഇത് നിർത്തി വെക്കണമെന്നും, സംഘടനയുമായി ചർച്ച ചെയ്തിട്ട് സീനിയോറിറ്റി അനുസരിച്ചു ചെയ്യണമെന്നുമാണ്. പക്ഷേ സംഘടനയുടെ കത്തിന്റെ സൂചന അതിൽ കൊടുക്കുകയും ജൂൺ 30ലേക്കു നടപടികൾ എക്സ്റ്റണ്ട് ചെയ്യുകയുമാണ്

ഉണ്ടായതു. എന്നാൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അതിലും അപകടകരമായ രീതിയിലേക്കാണ് ഈ വിഷയത്തെ കൊണ്ട് പോയിരിക്കുന്നത്. മെയ് 25 വരെ അദ്ധ്യാപകർക്ക് അപേക്ഷിക്കാനുള്ള തീയതി നീട്ടി നൽകിയിരിക്കുകയാണ്.

മാത്രവുമല്ല ഇപ്പോൾ ഈ കോവിഡ് കാലത്തു തന്നെ അസ്സോസിയേറ്റ് പ്രൊഫസർമാരുടെ മാത്രം പ്ലേസ്മെന്റിനു അപേക്ഷ ക്ഷണിക്കുകയുണ്ടായി. ഇതൊക്കെ നമ്മുക്ക് പ്രയാസം സൃഷ്ടിക്കുന്നുണ്ട്. ഡയറക്ടർക്ക് കത്ത് നൽകുകയും മന്ത്രിയുടെ ഉൾപ്പടെയുള്ള നിർദേശം ഉണ്ടായതിന്റെ ഫലമായിട്ട് ഹോം സ്റ്റേഷൻ രണ്ടു തവണ മാറ്റാം എന്നത് ഇപ്രാവശ്യം കൂടി നിലനിർത്താമെന്നു പറഞ്ഞു. എന്നാൽ ഇത് സംബന്ധിച്ച ഉത്തരവ് ഇതുവരെ ഇറങ്ങിയിട്ടില്ല. മാത്രവുമല്ല കഴിഞ്ഞ ദിവസങ്ങളിൽ പ്ലാൻ ഫണ്ടിന്റെ ഓൺലൈൻ അപേക്ഷ ക്ഷണിച്ചതും, ORICEന്റെ കമ്മിറ്റി രൂപീകരിച്ചതും ഒക്കെ നമ്മുക്ക് ബുദ്ധിമുട്ടു ഉണ്ടാക്കുന്ന വിധത്തിലാണ്. ഇത് സംഘടന ഗൗരവമായി പരിശോധിച്ച് ഇടപെടേണ്ടതുണ്ട്.

സർവകലാശാല പരീക്ഷകൾ മെയ് 26 മുതൽ തുടങ്ങുകയാണ്. അതിൽ എല്ലാ സർവകലാശാല മേഘലകളിലും പൊതു ഗതാഗതം ഉണ്ടാവവേണ്ടതാണ്. അത് ഉറപ്പു വരുത്തി മാത്രമേ പരീക്ഷ തുടങ്ങാവൂ കുട്ടികൾക്ക് യാത്രസൗകര്യം വേണം. മുഴുവൻ കുട്ടികൾക്കും പരീക്ഷ എഴുതാനുള്ള സൗകര്യം അതാതു സർവ്വകലാശാലകൾ ഉറപ്പു വരുത്തണം.

തുടർന്ന് വിശദമായ ചർച്ചകൾക്ക് ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

**തീരുമാനങ്ങൾ**

1. കോവിഡ് ഫണ്ടും സംസ്ഥാന സമ്മേളന ഫണ്ടും കളക്റ്റ് ചെയ്യുന്നതിനുള്ള തീയതി ഈ മാസം 22 വരെ ദീർഘിപ്പിക്കുവാൻ തീരുമാനിച്ചു. ആ സമയത്തിനുള്ളിൽ രണ്ടു ഫണ്ടുകളും പൂർണതയിൽ എത്തിക്കുവാനായി ജില്ലാ സെക്രട്ടറിമാരും, അതാതു ജില്ലയിലെ ജില്ലാ കമ്മിറ്റി അംഗങ്ങളും, ആ മേഖലയിലെ സംസ്ഥാന പ്രവർത്തക സമിതി അംഗങ്ങളും വേണ്ട ഇടപെടൽ നടത്തണം.
2. പ്രിൻസിപ്പൽ നിയമനം യാതൊരു കാരണവശാലും സർവീസ് സീനിയോറിറ്റി അനുസരിച്ചല്ലാതെ ചെയ്യാൻ സംഘടന അനുവദിക്കുന്നതല്ല. പ്രിൻസിപ്പൽ നിയമനം, പ്ലേസ്മെന്റ് എന്നിവയിൽ സംഘടനയുടെ നിലപാട് അറിയിച്ചുകൊണ്ടുള്ള കത്ത് ഉന്നതവിദ്യാഭ്യാസവകുപ്പു മന്ത്രി, ഉന്നതവിദ്യാഭ്യാസവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി, കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എന്നിവർക്ക് നാളെ തന്നെ നല്കുന്നതായിരിക്കും.
3. എല്ലാ സർവകലാശാലകളിലെയും പരീക്ഷകൾ അതാതു ജില്ലകളിലെ പൊതുഗതാഗതം പുനഃസ്ഥാപിച്ച ശേഷം കുട്ടികൾക്ക് മുഴുവൻ എഴുതാനുള്ള സൗകര്യപ്രദമായ രീതിയിൽ വേണം നടത്താൻ. അതിനു വേണ്ടി അതാതു മേഖലയിലെ സിൻഡിക്കേറ്റ് അംഗങ്ങൾ വേണ്ട ഇടപെടൽ നടത്തണം.

4. ജൂൺ മാസത്തേക്ക് ലോക്ഡൗൺ നീണ്ടുപോയാൽ യൂണിറ്റ് തലത്തിൽ ലഭ്യമായ റിസോഴ്സുകൾ ഉപയോഗിച്ച് സാധ്യമായ രീതിയിൽ വിദ്യാർത്ഥികളെ പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കാൻ ശ്രമിക്കണം. അസാധാരണ സാഹചര്യത്തിലെ താൽകാലിക നടപടി എന്ന രീതിയിൽ മാത്രം ഓൺലൈൻ മാധ്യമത്തെ സ്വീകരിച്ചാൽ മതിയാകും.
5. വിദ്യാഭ്യാസ മേഖലയിൽ അനുദിനം വന്നുകൊണ്ടിരിക്കുന്ന അദ്ധ്യാപക വിരുദ്ധമായ നടപടികൾക്കും, ഉത്തരവുകൾക്കും എതിരെ AKPCTA, FUTA തുടങ്ങിയ സംഘടനകളുമായി സംയുക്തമായി ആലോചിച്ചു ഭാവി പരിപാടികൾ തയാറാക്കാൻ തീരുമാനിച്ചു.
6. നിലവിൽ ഡയറക്ടർ അസ്സോസിയേറ്റ് പ്രൊഫസർമാരുടെ മാത്രം അപേക്ഷ ക്ഷണിച്ചിരിക്കുന്നത് അനൗചിത്യമാണ്. ആ നടപടി പിൻവലിക്കണം. ഏഴാം സ്കീമുമായി ബന്ധപ്പെട്ട മാർഗ്ഗരേഖയിറക്കി, 18.07.2018 മുതലുള്ള മുഴുവൻ പ്ലേസ്മെന്റുകളും - AGP 6000-7000, AGP 7000-8000, Associate - ഇവ മൂന്നും ഒന്നിച്ചു വേണം നടത്താൻ. മാത്രവുമല്ല അപേക്ഷ സമർപ്പിക്കാനുള്ള തീയതി ദീർഘിപിച്ചു നൽകണം. ലോക്ഡൗൺ കാലത്തു തിരക്കിട്ടു ഇത്തരം നടപടികളുമായി മുന്നോട്ടു പോകാൻ പാടില്ല.

യോഗം ഉച്ചയ്ക്ക് ഒരു മണിക്ക് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

ഡോ. എൻ. മനോജ്
ജനറൽ സെക്രട്ടറി

17.05.2020